(ബി) ദേശീയ ഗെയിംസിന് ഇറക്കുമതി ചെയ്ത പരിശീലന ഉപകരണങ്ങളിൽ ഉപയോഗിക്കാത്തവ എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അവ അടിയന്തരമായി തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 35-ാം ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് പരിശീലനത്തിനു മാത്രമായി ഉപകരണങ്ങളൊന്നും ഇറക്കുമതി ചെയ്തിട്ടില്ല.

ദേശീയ ഗെയിംസിനുള്ള ബഡ്ജറ്റ്

293 (299) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് സംഘടിപ്പിക്കുന്നതിനുള്ള അന്തിമ ബഡ്ജറ്റിൽ ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വീതം വകയിരുത്തുകയുണ്ടായി;

(ബി) വിവിധ ഇനങ്ങളിലൂടെ എത്ര തുക വരവ് പ്രതീക്ഷിച്ചു;

(സി) വകയിരുത്തിയതിലും കൂടുതൽ ചെലവുണ്ടായത് ഏതെല്ലാം ഇനങ്ങൾക്കാണ്;

(ഡി) ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച ഏതെല്ലാം പരിപാടികൾ ലഘൂകരിക്കുകയോ വേണ്ടെന്ന് വയ്ക്കുകയോ ചെയ്തിട്ടുണ്ട് ;

(ഇ) ദേശീയ ഗെയിംസിന്റെ വരവുചെലവു കണക്കുകൾ വിശദമാക്കാമോ;

(എഫ്) പത്ര-ദൃശ്യ മാദ്ധ്യമങ്ങൾക്ക് പരസ്യം നൽകിയതിന് എത്ര തുക ചെലവ് വന്നു ; ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു?

ഉത്തരം

(എ) ഓർഡറിന്റെ കോപ്പി അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്പോൺസർഷിപ്പ് വകയിൽ പണവും വസ്തുക്കളുമായി 542 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത് എന്ന് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് അറിയിച്ചിട്ടുണ്ട്.

(സി) ചെലവ് അന്തിമമായി കണക്കാക്കിയിട്ടില്ല എങ്കിലും ആകെ ചെലവ് അംഗീകൃത ബഡ്ജറ്റിൽ അധികരിക്കാൻ ഇടയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച പരിപാടികൾ ലഘൂകരിക്കുകയോ, വേണ്ടെന്ന് വയ്ക്കുകയോ ചെയ്തിട്ടില്ല.

(ഇ) അന്തിമ കണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ. ദേശീയ ഗെയിംസിനു വേണ്ടി കേന്ദ്ര സംസ്ഥാനവിഹിതമായി ആകെ അനുവദിച്ച 393.12 കോടി രൂപയിൽ, 367.54 കോടി രൂപ 28-2-2015 വരെ ചെലവഴിച്ചു.

(എഫ്) ദേശീയ ഗെയിംസിന്റെ പ്രചരണാർത്ഥവും അതോടൊപ്പം റൺ കേരള റൺ പരസ്യ പ്രചാരണത്തിനുമായി പത്ര ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്. ഇതിന്റെ ബില്ലുകൾ ലഭിച്ചു വരുന്നതേയുള്ളൂ. പരസ്യതുക ഇതുവരെ അനുവദിച്ചു തുടങ്ങിയിട്ടില്ല.

കായിക താരങ്ങൾക്ക് ജോലി

294 (300) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിൽ മെഡൽ നേടിയ സംസ്ഥാനത്തെ കായിക താരങ്ങൾക്ക് എന്തൊക്കെ പാരിതോഷികങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്; മെഡൽ നേടിയ കായികതാരങ്ങൾക്ക് ജോലി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഓരോ വർഷവും എത്ര കായികതാരങ്ങൾക്കാണ് സർക്കാർ ജോലി നൽകുന്നത്; 2010 മുതലുള്ള നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതു പ്രകാരം എത്ര കായിക താരങ്ങൾക്ക് ജോലി നല്കിയിട്ടുണ്ട്; എത്ര പേർക്ക് ജോലി നല്കാനുണ്ട്; വിശദാംശം നല്കുമോ;

(സി) കായിക താരങ്ങൾക്ക് നിയമനം നല്കുന്നത് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 35-ാമത് ദേശീയ ഗെയിംസിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടിയ കായിക താരങ്ങൾക്ക് യഥാക്രമം 5 ലക്ഷം, 3 ലക്ഷം, 2 ലക്ഷം രൂപ വീതം പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിന്റെ മികച്ച പ്രകടനം കണക്കിലെടുത്ത് വ്യക്തിഗത ഇനങ്ങളിൽ മെഡലുകൾ നേടിയവരിലും ടീമിനത്തിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സർക്കാർ ജോലി നൽകുന്നതാണ്. കൂടാതെ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയവരിൽ

LIBRARY ARCHIVES Kerala Legislative Assembly